# കേരള കാർഷിക സർവകലാശാല

## നടപടിക്രമം

കേരള കാർഷിക സർവകലാശാല- പൊതുഭരണം - സേവനാവകാശ നിയമം 2012 - സേവനാവകാശ പട്ടികയിലെ, കാർഷിക സർവകലാശാലയിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുക എന്ന ഇനം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ വിഭാഗം**

നമ്പർ: ജിഎ/ഡി1/14717/2013 — വെള്ളാനിക്കര, തീയതി: 01/07/2023

സൂചന: 1) 16/09/2014 ലെ ഇതേ നമ്പർ നടപടിക്രമം
2) 08/10/2014 ലെ ജി.എ/ഡി1/14717/2013 നമ്പർ ഗസറ്റ് വിജ്ഞാപനം (27/09/2016 ലെ 38-ാം നമ്പർ ഗസറ്റ് (വാല്യം-5))
3) 01/07/2017 ലെ ഇതേ നമ്പർ നടപടിക്രമം
4) 27/05/2023 ൽ കൂടിയ 611-ാം മത് ഭരണസമിതി യോഗത്തിലെ തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്ത് നടപ്പിലാക്കിയ സേവനാവകാശ നിയമം 2012 കേരള കാർഷിക സർവകലാശാലയിൽ നടപ്പിലാക്കികൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. സൂചന (2) പ്രകാരം സർവകലാശാലയിലെ 13 മുഖ്യസേവനങ്ങളടങ്ങുന്ന പട്ടിക പ്രസിദ്ധീകരിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അതാത് സമയങ്ങളിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുക എന്നതും ലഭ്യമായ സേവനങ്ങളുടെ പട്ടികയിൽ ചേർത്ത് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൂചന (3) പ്രകാരം കേരള കാർഷിക സർവകലാശാലയിൽ ലഭ്യമായ സേവനങ്ങളുടെ പ്രസിദ്ധീകരിച്ച പട്ടികയിലെ 14-ാം ഇനമായ, അതാത് സമയങ്ങളിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുക എന്ന നടപടിയിലെ വിവരണങ്ങൾ 27/05/2023 ന് ചേർന്ന 611-ാം മത് ഭരണസമിതി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തതിൻ പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ഇനം | - | 14 |
| സേവനത്തിന്റെ പേര് | - | സർവകലാശാലയിൽ അതാത് സമയങ്ങളിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുക |
| സമർപ്പിക്കേണ്ട രേഖകൾ | - | തസ്തികയുടെ പേര്/ പേരുകൾ വ്യക്തമായി രേഖപ്പെടുത്തിയ അപേക്ഷ |
| സമയപരിധി | - | 2 മാസം |
| ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | - | റിക്രൂട്ട്മെന്റ് ഓഫീസർ |
| ഒന്നാം അപ്പീൽ അധികാരി | - | രജിസ്ട്രാർ |
| രണ്ടാം അപ്പീൽ അധികാരി | - | വൈസ് ചാൻസലർ |

(ഭരണസമിതി ഉത്തരവിൻപ്രകാരം)

**ഡോ. എ. സക്കീർ ഹുസൈൻ**
**രജിസ്ട്രാർ**

സ്വീകർത്താവ്:
എല്ലാ ആഫീസ് മേധാവികൾക്കും
(announce@kau.in)

പകർപ്പ്: പി.എസ് ടു വൈസ് ചാൻസലർ / പി.എ ടു വൈസ് ചാൻസലർ / പി.എ ടു രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ (ഭരണം I)/ ലേബർ ഓഫീസർ/ സെക്ഷൻ ഓഫീസർ- (ജി.എ-ഡി), (ജി.എ-ജി)/ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്(dis@kau.in)/ കരുതൽ ശേഖരം/മിച്ചം.

**//ഉത്തരവിൻപ്രകാരം അയയ്ക്കുന്നത്//**

**സെക്ഷൻ ഓഫീസർ**

A*6